**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 762** | **27/04/2017 ൽ മറുപടിയ്ക്ക്**

## കശുവണ്ടി വ്യവസായം

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കശുവണ്ടി വ്യവസായത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി സ്വീകരിച്ച നടപടികൾ വിശദ മാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 തീയതി മുതൽ തുറന്ന് അവയുടെ പ്രവർത്തനം പുനരാരംഭിച്ചു. തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ തീരുമാനത്തെത്തുടർന്ന് തദ്ദേശീയ തോട്ടണ്ടിയും ശേഖരിച്ചു വരുന്നു. ഇതിനകം 550 മെട്രിക് ടണ്ണിലധികം തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ബി) | കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികളിൽ ഈ സർക്കാരിന്റെ കാലത്ത് നൽകാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികളിൽ ഈ സർക്കാരിന്റെ കാലത്ത് 70 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളതാണ്. |
| (സി) | തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ